**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. ***261** **19/06/2018 ൽ** മറുപടിക്ക്

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഈടാക്കുന്ന വിനോദ നികുതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എൽദോ എബ്രഹാം**<br>**ശ്രീ.സി. ദിവാകരൻ**<br>**ശ്രീ.ജി.എസ്.ജയലാൽ**<br>**ശ്രീമതി ഗീതാ ഗോപി** | **ഡോ.കെ.ടി. ജലീൽ**<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |

| | | |
|---|---|---|
| എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഈടാക്കിയിരുന്ന വിനോദ നികുതി ജി. എസ്. ടി. നിലവിൽ വന്നതിന് ശേഷം ഈടാക്കുന്നുണ്ടോ വ്യക്തമാക്കുമോ; | എ) ജി.എസ്.ടി നിലവിൽ വന്നതോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പിരിച്ചിരുന്ന വിനോദനികുതി കേരളത്തിൽ പിരിക്കേണ്ടതില്ല എന്ന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. 24.06.2017 ലെ സ.ഉ. (കൈ) 123/2017/ത.സ്വ.ഭ.വ നം പ്രകാരം 2017 ജൂലൈ 1 മുതൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഈടാക്കി വന്നിരുന്ന വിനോദ നികുതി ഒഴിവാക്കിയിട്ടുള്ളതാണ്. |
| ബി) | ജി. എസ്. ടി. നിയമത്തിൽ വിനോദ നികുതി ഈടാക്കുന്നത് സംബന്ധിച്ച വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ; | ബി) ജി.എസ്.ടി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട 101-ാം ഭരണഘടനാഭേദഗതി പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഈടാക്കുന്നതല്ലാത്ത വിനോദനികുതികൾ ജി.എസ്.ടി യിൽ ലയിപ്പിച്ചിട്ടുണ്ട്. ആയതിനാൽ ജി.എസ്.ടി ക്ക പുറമേ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വിനോദനികുതി ഈടാക്കാൻ നിലവിൽ നിയമതടസ്സമില്ല. എന്നാൽ കേരളത്തിൽ വിനോദനികുതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പിരിക്കേണ്ടതില്ല എന്ന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| സി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സാമ്പത്തിക പരാധീനതകൾ കണക്കിലെടുത്ത് വിനോദ നികുതി പിരിക്കുന്നതിനുള്ള അവകാശം തിരികെ നല്കുന്നതിന് നടപടി സ്വീകരിക്കുമോ ? | സി) ഇപ്പോൾ പരിഗണനയിൽ ഇല്ല |

സെക്ഷൻ ഓഫീസർ